**അഭ്യർത്ഥന**

പ്രതിപക്ഷ എം.എൽ.എ.-മാരുടെ സത്യാഗ്രഹം

മി. സ്പീക്കർ: സഭാ നേതാവിന് ഒരു കാര്യം അറിയിക്കാനുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പ്രതിപക്ഷ എം.എൽ.എ.-മാരുടെ സത്യാഗ്രഹം അവസാനിപ്പിക്കാൻ സർക്കാരിന് അതിയായ ആഗ്രഹമുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി സംസാരിച്ചിരുന്നു. ശബരിമലയുടെ സാഹചര്യങ്ങളാണ് ഇവിടെ നിരോധനാജ്ഞ പ്രഖ്യാപിക്കാനിടയായിട്ടുള്ളത്. നിരോധനാജ്ഞ അടിച്ചേൽപ്പിക്കാനല്ല ഗവൺമെന്റ് ആഗ്രഹിക്കുന്നത്. സ്വതന്ത്രമായി സാഹചര്യങ്ങളെ വിലയിരുത്തിക്കൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. സർക്കാരിന് ഇക്കാര്യത്തിൽ ഒരു പിടിവാശിയുമില്ല. അംഗങ്ങൾ സത്യാഗ്രഹം അവസാനിപ്പിക്കണമെന്നാണ് ഗവൺമെന്റിനുവേണ്ടി അഭ്യർത്ഥിക്കാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, What is the message which we are giving to the countrymen. 144 നില

നിൽക്കുന്നതുകൊണ്ട് ഭീതിയുടെ നിഴലുണ്ട് എന്നുള്ള ധാരണ ദേശീയ-അന്തർദേശീയ മാധ്യമങ്ങളിലൂടെ പുറത്തുവരികയാണ്. ഒരു ഭാഗത്ത് ഇത്, ഒരു ഭാഗത്ത് ബി.ജെ.പി.-ക്കാർ ഉണ്ടാക്കുന്ന കുഴപ്പം. ഇപ്പോഴവിടെ ശാന്തത നിലനിൽക്കുന്ന സാഹചര്യത്തിൽ സന്നിധാനത്തേയ്ക്ക് കൂടുതൽ ഭക്തജനങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. 144 പിൻവലിച്ചുകഴിഞ്ഞാലുണ്ടാകുന്ന ഗുണമെന്ന് പറഞ്ഞാൽ ഒരു മെസ്സേജ് പോകും, കൂടുതൽ ആളുകൾ അവിടെ വരും. അതുകൊണ്ടാണ് ഞങ്ങൾ ഗവൺമെന്റിനോട് വിനീതമായി അഭ്യർത്ഥിക്കുന്നത്, ഇത് ഉദ്യോഗസ്ഥഭരണം മാത്രമല്ല, ജനാധിപത്യഭരണമാണല്ലോ; പോലീസുദ്യോഗസ്ഥന്മാരും കളക്ടർമാരും എങ്ങനെ പ്രവർത്തിക്കുന്നവരാണെന്ന് ഞങ്ങൾക്കും അറിയാമല്ലോ; എന്തുകൊണ്ട് പോസിറ്റീവായി ഞങ്ങളുടെ അഭിപ്രായത്തെ കാണാൻ സർക്കാർ തയ്യാറാകുന്നില്ല എന്നാണ് അങ്ങയിലൂടെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. ഇ. പി. ജയരാജൻ</u> : ശബരിമലയിലെ സ്ഥിതിഗതികൾ നാമെല്ലാം കണ്ടിട്ടുള്ളതാണ്. എത്ര ഭീകരവും ക്രൂരവും വിശ്വാസികളെ അപമാനിക്കുന്ന തരത്തിലുള്ളതുമായിരുന്നു. ശബരിമല സന്നിധാനത്തുതന്നെ ഉണ്ടായിട്ടുള്ള

നടപടികളെല്ലാം നമ്മളെല്ലാം മനസ്സിലാക്കിയിട്ടുള്ളതാണ്. സാധാരണ ഒരു ഭക്തന് ശബരിമലയിൽ പോയി പ്രാർത്ഥിക്കാനുള്ള സാഹചര്യം സൃഷ്ടിക്കൽ മാത്രമാണ് ഗവൺമെന്റിന്റെ മുമ്പിലുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് പോലീസ് അവിടെ നടപടി സ്വീകരിച്ചിട്ടുള്ളത്. സാഹചര്യങ്ങൾ ശരിയായ നിലയിലേയ്ക്ക് വന്നാൽ എല്ലാ ഭക്തജനങ്ങൾക്കും അവിടെച്ചെന്ന് പ്രാർത്ഥിക്കാനുള്ള സാഹചര്യം ഉണ്ടായിക്കഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ തീർച്ചയായും സ്വീകരിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. അതുകൊണ്ട് സാധാരണഗതി സ്ഥാപിച്ചെടുക്കുക എന്നുള്ളതാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതുമായി സഹകരിച്ചുകൊണ്ട് നമ്മുടെ നിയമസഭയിലെ മൂന്നംഗങ്ങൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന സമരം അവസാനിപ്പിക്കാനുള്ള നല്ലൊരു അന്തരീക്ഷം സൃഷ്ടിക്കണമെന്നാണ് ഗവൺമെന്റിനുവേണ്ടി അഭ്യർത്ഥിക്കാനുള്ളത്. പ്രതിപക്ഷം പറഞ്ഞിട്ടുള്ള കാര്യങ്ങൾ വളരെ ഗൗരവത്തിൽത്തന്നെയാണ് സ്പീക്കറിലൂടെ ഗവൺമെന്റ് നിരീക്ഷിക്കുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സഭാതലത്തിൽ ഇത്ര വിശദമായൊരു ചർച്ച വേണ്ട. അങ്ങ് ചേമ്പറിലേയ്ക്ക് ഞങ്ങളെ വിളിച്ചാൽ മതി നമുക്ക് അവിടെ

**ചർച്ച ചെയ്യാം.**